**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **18-01-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനായി ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ശബരിമല ശ്രീ. ധർമ്മശാസ്താ ക്ഷേത്രം പ്രതിവർഷം 3 കോടിയിലധികം തീർത്ഥാടകർ സന്ദർശിക്കുന്നുണ്ട്. തെക്കേ ഇന്ത്യയിൽ നിന്നുമാത്രമല്ല ഉത്തരേന്ത്യയിൽ നിന്നും തീർത്ഥാടകരും ഭക്തജനങ്ങളും കൂടാതെ ധാരാളം പ്രവാസി ഇന്ത്യാക്കാരും തീർത്ഥാടന സമയത്ത് ശബരിമല സന്ദർശിക്കുന്നുണ്ട്. ശബരിമല തീർത്ഥാടകരുടെ സൗകര്യത്തിനും, സീസൺ സമയത്തെ ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിനും, മദ്ധ്യ കേരളത്തിന്റെ സമഗ്ര വികസനത്തിനും ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിത മാണെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യ മായത് കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22- ൽ റീസർവ്വെ 281,282,283,289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയാണെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണയിലാണ് (O.S No.72/2019, I.A No.7/2020). RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന കേസുകളിൽ നഷ്ടപരിഹാരം LARR കോടതിയിൽ കെട്ടിവെച്ച് മുന്നോട്ടുപോകാൻ നിയമം അനുശാസിക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില LARR കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് 18.06.2020ലെ |

| | | | |
|---|---|---|---|
| | | | GO(MS)No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ള താണ്. |
| (ബി) | സർക്കാർ ഭൂമിയായ ചെറുവള്ളി എസ്റ്റേറ്റ് 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (ബി) | തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ശബരിമല ശ്രീ. ധർമ്മശാസ്താ ക്ഷേത്രം പ്രതിവർഷം 3 കോടിയിലധികം തീർത്ഥാടകർ സന്ദർശിക്കുന്നുണ്ട്. തെക്കേ ഇന്ത്യയിൽ നിന്നുമാത്രമല്ല ഉത്തരേന്ത്യയിൽ നിന്നും തീർത്ഥാടകരും ഭക്തജനങ്ങളും കൂടാതെ ധാരാളം പ്രവാസി ഇന്ത്യാക്കാരും തീർത്ഥാടന സമയത്ത് ശബരിമല സന്ദർശിക്കുന്നുണ്ട്. ശബരിമല തീർത്ഥാടകരുടെ സൗകര്യത്തിനും, സീസൺ സമയത്തെ ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിനും, മദ്ധ്യ കേരളത്തിന്റെ സമഗ്ര വികസനത്തിനും ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിത മാണെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യ മായത് കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22- ൽ റീസർവ്വെ 281,282,283,289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയാണെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലാണ് (O.S No.72/2019, I.A No.7/2020). RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന കേസുകളിൽ നഷ്ടപരിഹാരം LARR കോടതിയിൽ കെട്ടിവെച്ച് മുന്നോട്ടുപോകാൻ നിയമം അനുശാസിക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില LARR കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് 18.06.2020ലെ GO(MS)No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ള താണ്. |
| (സി) | ഭൂമി കൈവശം വെച്ചിരിക്കുന്ന കമ്പനിയും സർക്കാരും തമ്മിലുള്ള തർക്കം കോടതിയിൽ നിലനിൽക്കുന്നതിനാൽ സർക്കാരിന്റെ സ്വന്തം ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം നൽകുമോ? | (സി) | ഇല്ല. എന്നാൽ ശബരിമല ഗ്രീൻ ഫീൽഡ് എയർ പോർട്ടിനു വേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്,മണിമല വില്ലേജുകളിൽപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ അയന ചാരിറ്റബിൾ സൊസൈറ്റി ബഹു ഹൈ കോടതിയിൽ WP(C)13332/2020 നമ്പരായി |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്ത കേസിൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ